**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2793 — 17/06//2019-ൽ മറുപടിയ്ക്ക്

## കൈവല്യ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ: | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും<br>വകുപ്പ് മന്ത്രി) |
| (എ) സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടപ്പിലാക്കുന്ന കൈവല്യ പദ്ധതിയുടെ വിശദാംശം നല്കാമോ ; | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി "കൈവല്യ" എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ (1) വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് (2) കപ്പാസിറ്റി ബിൽഡിംഗ് (3) മത്സര പരീക്ഷകൾക്കുള്ള പരിശീലനം (4) സ്വയം തൊഴിൽ വായ്പാ പദ്ധതി എന്നിങ്ങനെ നാല് ഘടക പദ്ധതികൾ ഉണ്ട്. മാത്രമല്ല, കൈവല്യ പദ്ധതിയുടെ ഭാഗമായുള്ള വിവിധ പരിശീലന പരിപാടികൾ ഒരു കേന്ദ്രത്തിൽ സംഘടിപ്പിക്കുന്നത് ലക്ഷ്യമാക്കി 'മോഡൽ കരിയർ സെന്റർ' എംപ്ലോയ്മെന്റ് വകുപ്പിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ? | (ബി) കൈവല്യ പദ്ധതിയുടെ ഒന്നോ ഒന്നിൽ കൂടുതലോ ഘടക പദ്ധതികളിലൂടെ ഭിന്നശേഷിക്കാരെ സ്വയം തൊഴിൽ സംരംഭകത്വത്തിനു പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ